പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4417

28 /06/2012 - ൽ മറുപടിക്ക്

# റേഷൻ - വിഹിത ലഭ്യതയും വിതരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) റേഷൻ സാധനങ്ങളുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനും വിതരണം സുഗമമാക്കുന്നതിനും കേന്ദ്ര സർക്കാരിനോട് എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്; | (എ) ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന് നിരവധി നിവേദനങ്ങൾ നൽകുകയുണ്ടായി. 2012-13 വർഷത്തിൽ ബി.പി.എൽ. വിഭാഗ ത്തിനുള്ള അഡ്ഹോക് വിഹിതം പുനസ്ഥാപിക്കുന്നതിനും എ.പി.എൽ. വിഭാഗങ്ങൾക്ക് കുടുതൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിനും വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പൂർണ്ണമായി പുനസ്ഥാപിക്കുന്നതിനുമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം ഉറപ്പാണ് ലഭിച്ചിട്ടുള്ളത്; | (ബി) ബി.പി.എൽ. വിഭാഗത്തിനുള്ള അഡ്ഹോക് വിഹിതം കേന്ദ്ര സർക്കാർ ഉടൻ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിലെ ആദ്യപാദത്തിൽ സംസ്ഥാനത്തിന്റെ നിരന്തരമായ സമ്മർദ്ദത്തിന്റെ ഫലമായി 5004 കിലോ ലിറ്റർ മണ്ണെണ്ണ കേന്ദ്രസർക്കാർ അധികമായി അനുവദിച്ചു. |

(സി) എഫ്.സി.ഐ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്?

(സി) എഫ്.സി.ഐ.യുടെ ഗുണനിലവാര പരിശോധനാ വിഭാഗം പരിശോധിച്ച ശേഷമാണ് സ്റ്റോക്ക് വിതരണത്തിന് തയ്യാറാക്കുന്നത്. എഫ്.സി.ഐ. ഗോഡൗണിൽ നിന്നും വിതരണം ചെയ്യുന്ന സ്റ്റോക്ക് വിതരണ യോഗ്യമാണെന്ന് ജില്ലാ സപ്ലൈ ഓഫീസർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനു ശേഷമാണ് വിതരണത്തിനുള്ള ലോട്ട് നിശ്ചയിക്കുന്നത്. ഗുണനിലവാരമുള്ള സാധനങ്ങൾ മാത്രമേ റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നുള്ളൂ എന്ന് സിവിൽ സപ്ലൈസ് വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്താറുണ്ട്.

സെക്ഷൻ ഓഫീസർ